## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5408 — 01.07.2014 ലെ മറുപടിയ്ക്ക്

### കെ. എസ്. എഫ്. ഇ. നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ :

**മറുപടി**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) കെ.എസ്.എഫ്.ഇ. ഇപ്പോൾ വൻതകർച്ചയിലാണെന്ന ആക്ഷേപം സർക്കാരിനറിയാമോ; എങ്കിൽ വികസനത്തിന് സഹായകരമായ പദ്ധതികൾ ആവിഷ് കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എ) കെ.എസ്.എഫ്.ഇ. തകർച്ചയിലല്ല. 31.03.2014ലെ കണക്കനുസരിച്ച് കെ.എസ്.എഫ്. ഇ.ക്ക് 21566 കോടി രൂപ വാർഷിക വിറ്റുവരവും (Turn Over) 2013-14ൽ മാത്രം കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തന ലാഭം 173 കോടി രൂപയുമാണ്. സർക്കാർ ട്രഷറിയിൽ കെ.എസ്.എഫ്.ഇ.യ്ക്ക് 2326 കോടി രൂപയുടെ നിക്ഷേപമുണ്ട്. നിലവിൽ 504 ശാഖകളും പ്രവർത്തിച്ചു വരുന്നു.

(ബി) കേന്ദ്ര നിയമത്തിനനുസരിച്ച് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ കെ.എസ്.എഫ്. ഇ.ക്ക് സംരക്ഷണം ഉറപ്പുവരുത്താത്തത് സ്വകാര്യ ചിട്ടി സംരംഭകരോടുള്ള താല്പര്യം മൂലമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര നിയമത്തിനനുസരിച്ച് ചട്ടങ്ങൾ രൂപീകരിച്ചപ്പോൾ സ്വകാര്യ ചിട്ടി സംരംഭകരോട് സർക്കാർ ഒരു താല്പര്യവും കാണിച്ചിട്ടില്ല. കേന്ദ്ര നിയമമനുസരിച്ചുള്ള ചട്ടങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്. ചിട്ടി ഇതര ബിസിനസ്സ് ചെയ്യുന്നതിനുള്ള അനുവാദം, 10 വർഷം കാലാവധിവരെയുള്ള ചിട്ടികൾ തുടങ്ങാനുള്ള അനുവാദം, സ്ഥാപനത്തിൻെറ പേരിൽ 'കുറി', 'ചിട്ടി' ഇവ ഉൾപ്പെടുത്തണം എന്ന നിബന്ധനയിലെ ഇളവ്, വിതരണം ചെയ്യാത്ത ചിട്ടി തുക മറ്റു ബാങ്കുകളിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിലുള്ള ഇളവ് മുതലായവയ്ക്കുള്ള ഉത്തരവുകൾ സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് ഇതിനോടകം തന്നെ നല്കിയിട്ടുണ്ട്. ബാക്കി ഇളവുകളും സംരക്ഷണവും നൽകുന്നതിന് സംസ്ഥാന സർക്കാരിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്.

(സി) ചിട്ടി രജിസ്ട്രേഷൻ ഫീസുകളും അനുബന്ധചാർജ്ജുകളും ഉയർത്തിയത് കെ.എസ്.എഫ്.ഇ.യെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചിട്ടി രജിസ്ട്രേഷൻ ഫീസുകളും അനുബന്ധ ചാർജ്ജുകളും ഉയർത്തിയത് മൂലം കെ.എസ്.എഫ്.ഇ. -യിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല.

(ഡി) കെ.എസ്.എഫ്.ഇ.യുടെ ഈ വർഷത്തെ ലക്ഷ്യവും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ?

(ഡി) എല്ലാ പഞ്ചായത്തുകളിലും ശാഖകൾ തുടങ്ങുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുതിയ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ ചിട്ടികാരുടെ ചൂഷണത്തിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി കെ.എസ്.എഫ്.ഇ. രണ്ട് സവിശേഷ ചിട്ടി പദ്ധതികളിലൂടെ 380 കോടി രൂപയുടെ ചിട്ടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. സ്വർണ്ണപണയ വായ്പ, ഭവന വായ്പ, വ്യക്തിഗത വായ്പ, ന്യൂ ചിട്ടി ലോൺ തുടങ്ങിയ പദ്ധതികളിലായി 4500 കോടി രൂപ മിതമായ പലിശ നിരക്കിൽ വായ്പയായി നൽകുവാൻ ഉദ്ദേശിക്കുന്നു.

എല്ലാ ശാഖകളെയും ഒരു സെൻട്രൽ സെർവറുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ആപ്ലിക്കേഷൻ സൊല്യൂഷൻ ഈ വർഷം തന്നെ നടപ്പാക്കും. കെ.എസ്.എഫ്.ഇ.യുടെ എല്ലാ ശാഖ കളെയും ഇതുമൂലം ബന്ധിപ്പിക്കാനാവും. ഇത് സ്ഥാപനത്തിന്റെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം നൽകുന്നതിനും സഹായിക്കും.

സെക്ഷൻ ഓഫീസർ.